# IV ആട്ടം നിലയ്ക്കാത്ത മുഡുഗർ സങ്കേതങ്ങൾ

വിജില സി എം

പാലക്കാട് ജില്ലയിലെ അട്ടപ്പാടി വനമേഖലയിൽ, കാടിന്റെ സംരക്ഷതയിൽ, ഭവാനിപ്പുഴയുടെ തീരത്ത് താമസമുറപ്പിച്ചവരാണ് മുഡുഗർ. 'മുടികൂർത്തവനാണ് മുഡുകൻ' എന്ന് സമുദായത്തിന്റെ പേരിന്റെ ഉരുവത്തെ കുറിച്ച് മുഡുഗർ അഭിപ്രായപ്പെടുന്നു. അതേ സമയം പുറകിൽ അഥവാ മുതുകിൽ കുട്ടികളെ ഏറുന്നതിനാലാണ് മുഡുഗർക്ക് ആ പേര് വന്നതെന്നാണ് സിങ്ങ് (2002:952) രേഖപ്പെടുത്തിയിരിക്കുന്നത്. വിജയ നഗര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന മുഡുഗർ അട്ടപ്പാടിയിലേക്ക് കുടിയേറിയവരാണെന്നും അഭിപ്രായമുണ്ട്. പേരിലെ സാദൃശ്യം കാരണം ആവാം മുതുവാൻ ജനതയെയും മുഡുഗരെയും ഒരുമിച്ചാണ് 2011 വരെയുള്ള സെൻസസിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ സെൻസസ് പ്രകാരം മുഡുഗരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. 2008 ലെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സർവ്വെ പ്രകാരം 4,668 ആണ് കേരളത്തിലെ മുഡുഗ ജന സംഖ്യ.

കുറുമ്പരുമായുള്ള സഹവർത്തിത്വം വിവാഹത്തിൽ വരെ ചെന്നെത്തി നിൽക്കുമ്പോഴും കുറുമ്പ സമൂഹവുമായുള്ള സാംസ്കാരികമായ അന്തരത്തെക്കുറിച്ച് കൃത്യമായ ബോധം മുഡുഗർക്കുണ്ട്. ഭാഷയിലും ആചാരങ്ങളിലും കലാരൂപങ്ങളിലും വ്യക്തമായ തരത്തിൽ ആ വ്യത്യാസം നിലനിൽക്കുന്നു. എന്നിരുന്നാൽ തന്നെയും മുഡുഗരും കുറുമ്പരും ഇരുളരും തമ്മിൽ പലകാര്യങ്ങളിലും (പാട്ട്, സാധന സാമഗ്രികൾ, ആരാധനാലയങ്ങൾ എന്നിവയുടെ അവകാശ വാദവുമായ് ബന്ധപ്പെട്ട്) തർക്കം നിലനിൽക്കുന്നതായ് കാണാം.

നായാട്ട് നടത്തിയും വനവിഭവങ്ങൾ ശേഖരിച്ചും ജീവിച്ചിരുന്ന മുഡുഗരുടെ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ച് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗതമായ തൊഴിലുകൾ ചെയ്യുന്നവരുണ്ടെങ്കിലും കൂലിപ്പണി ചെയ്തും സ്വകാര്യസ്ഥാപനങ്ങളിൽ തൊഴിലെടുത്തും ഉപജീവനം നടത്തുന്നവരാണ് ഏറിയ പങ്കും.



ചിത്രം: 39 ദുണ്ടൂരിലെ മുഡുഗ സങ്കേതം[42]

## ദൈവീകാരാധന

പ്രകൃതിയെ സ്നേഹിക്കുന്നവരാണ് ഗോത്ര ജനത. ആ തുടർച്ച മുഡുഗ ജീവിതത്തിലും ദർശിക്കാനാകും. കാടിനെയും ജലത്തെയും പക്ഷിമൃഗാദികളെയും ഭൂമിയെയും മുഡുഗർ ആരാധിച്ചിരുന്നു. ഇക്കാരണത്താലായിരിക്കാം ഭൂമിയിൽ ചാടിത്തുള്ളി നടന്നാൽ മുതിർന്നവർ വഴക്ക് പറയാറുള്ളത്. പൂർവ്വികരെ ദൈവീക തലത്തിൽ മുഡുഗർ ആരാധിക്കാറുണ്ട്. 'കറ്റിമലെഅമ്മ' മുഡുഗരുടെ പ്രധാന ദൈവിക മൂർത്തിയാണ്. വിഷു കഴിഞ്ഞുവരുന്ന ആദ്യത്തെ തിങ്കളാഴ്ച കറ്റിമലെ അമ്മയുടെ നടതുറക്കലാണ്. 'മണ്ണൂക്കാര'ന്റെ വീട്ടിൽ നിന്നും ആറ് കുടത്തിൽ വെള്ളവും ഒരു കുടത്തിൽ പാലും മഞ്ഞളും കലക്കിയതുമായ് ഋതുമതികളായിട്ടില്ലാത്ത ഏഴ് പെൺകുട്ടികൾ താളമേളഘോഷത്തിന്റെ അകമ്പടിയോടെ, അമ്മയുടെ നടക്കൽ എത്തുന്നു. തുടർന്ന് പൂജാരി ദൈവപ്പുരയിൽ അഭിഷേകം നടത്തുകയും ചെയ്യുന്നതോടെ ഉത്സവത്തിനു തുടക്കമായി. വ്യത്യസ്ത ഇടങ്ങളിൽ നിന്നായി ആളുകൾ കൊയ്തു കൊണ്ടുവരുന്ന അരികൊണ്ട് അല്ലെങ്കിൽ ചാമ കൊണ്ട് ഭക്ഷണമുണ്ടാക്കി ആളുകൾക്ക് നൽകി പ്രാർത്ഥിക്കുന്നതോടെ ഉത്സവത്തിന്റെ ആഘോഷങ്ങൾ അവസാനിക്കുകയായി.

മല്ലീശ്വരനെയും മുഡുഗർ ആരാധിച്ചു വരുന്നു. മുഡുഗരും കുറുമ്പരുമാണ് മല്ലീശ്വരമുടിയിൽ കയറാൻ അവകാശപ്പെട്ടവർ. ആയതിനാൽ തന്നെ മല്ലീശ്വര പൂജ നടക്കുന്ന ശിവരാത്രി ദിവസം ആഘോഷങ്ങളാൽ മുഡുഗ ഊരും സന്തോഷത്തിലാവുന്നു.



ചിത്രം: 40 മുറുക്കി ചുവന്ന ചുണ്ടുകളിൽ നേർത്ത പുഞ്ചിരി ഒതുക്കി മൂക്കുത്തി അണിഞ്ഞു ദൂരേക്ക് നോക്കിയിരിക്കുന്ന മുഡുഗ മുത്തശ്ശി[44]

## പാരമ്പര്യ കലകൾ

ഗോത്രകലകളുടെ പൊതു സ്വഭാവമെന്നോണം മുഡുഗരുടെ പാരമ്പര്യ കലാവിഷ്ക്കാരങ്ങളുടെയും പിറവി മനുഷ്യവികാരങ്ങളുടെ തൊട്ടിലിൽ തന്നെയായിരുന്നു. തങ്ങൾക്കു പുറത്തൊരു ലോകത്തെ കുറിച്ച് ആലോചിക്കുകയോ ആവലാതിപ്പെടുകയോ അടിമപ്പെടുകയോ ചെയ്യാതെ, കാടിനെ സ്നേഹിച്ച് കാടിനോട് കൂറുപുലർത്തി, വിശ്വസിച്ചാരാധിച്ച് സംഘജീവിതത്തിന്റെ പരിപൂർണ്ണമായ സംരക്ഷണതയിലും സ്നേഹവലയത്തിലും കഴിഞ്ഞിരുന്ന ഭൂതകാലം ഓരോ ഗോത്രത്തിനുമവകാശപ്പെടാനുള്ള പോലെ മുഡുഗർക്കുമുണ്ട്. ആ ഭൂതകാല സ്മരണകളെ മറവിക്ക് വിട്ട് കൊടുക്കാതിരിക്കുന്നതിൽപരം രാഷ്ട്രീയമാനമുള്ള മറ്റൊരു കാര്യമില്ലെന്നിരിക്കെ, കലകൾ ഓർമ്മകൾക്ക് നിറം നൽകിക്കൊണ്ടേയിരിക്കുന്നു. മുഡുഗനൃത്തം ആനുകാലിക പ്രസക്തമാവുന്നതിതിലൂടെയാണ്.

കൂട്ടം കൂടേണ്ടി വന്ന ഓരോ അവസരങ്ങളും പാട്ടിനും നൃത്തത്തിനും വേദിയൊരുക്കി. ജനനം മുതൽ മരണം വരെ അയഞ്ഞും മുറുകിയുമുള്ള ആ താളങ്ങൾക്ക് ഒപ്പം നടന്നു നീങ്ങി. താളത്തിലലിഞ്ഞ മനസുകൾക്ക് ഒന്നെന്ന ഭാവം വരാൻ മറ്റൊന്നിന്റെയും ഇടപെടൽ വേണ്ടി വന്നില്ല. അവർ ഉള്ളു തുറന്ന് പാടി, ഉള്ളുലഞ്ഞാടി, ഉള്ളുകൊണ്ടൊന്നായി...

വീടുകൾക്ക് ഇന്നത്തെപോലെ കോൺക്രീറ്റ് കെട്ടിടത്തിന്റെ ചൂട് പകരാനില്ലാതിരുന്ന കാലത്ത്, കാടും കാട്ടാറും സ്നേഹത്തോടൊപ്പം നൽകിയ മാമരം കോച്ചുന്ന തണുപ്പിനെ അതിജീവിക്കാൻ എന്നും ഇരുട്ട് പരക്കുമ്പോൾ സങ്കേതത്തിന്റെ ഒരു ഭാഗത്ത് മുഡുഗർ തീകൂട്ടി... വലിയ മരത്തടികളിൽ തീ പടരുമ്പോൾ അതിനു ചുറ്റും കൂടിയിരുന്ന് ശരീരം ചൂടാക്കുന്നവർ കഥകൾ പറയാൻ തുടങ്ങി... ഇളം പ്രായക്കാർ അതിന് ചെവികൂർപ്പിച്ചിരുന്നു. കഥകൾ പറഞ്ഞ് തീരുന്നതിനിടയിൽ മുതിർന്നവർക്കിടയിൽ നിന്നും പാട്ടുകാരും ആട്ടവുമുണ്ടാവുന്നു.

'ഒന്ന് രണ്ട് മൂന്ന് നാല് വെള്ളികുമ്മിയാട്ട
വെള്ളികുമ്മിയാട്ടത്തിലെ ഒയിലക്കുമ്മിയാട്ടം
കല്ല്യരും മുള്ളുവരും വേങ്കമുള്ളദിസി
സൗര്യംപോലെ തവുട് വരും പേങ്കമുള്ളരിസി
ലാലാ...ലാലാ...തില്ലേ തില്ലേ...'

എന്നിങ്ങനെ വ്യത്യസ്ത പാട്ടുകൾ പാടി തീയ്ക്ക് ചുറ്റും നൃത്തം ചെയ്തിരുന്നവർ ആണും പെണ്ണും കുട്ടികളുമടങ്ങുന്ന സംഘമാണ്. 'മാറ് മറക്കത്' എന്നു വിശേഷിപ്പിച്ചിരുന്ന സാരിപോലെയുള്ള തുണിയുടുത്ത് പെണ്ണും മുണ്ടുടുത്ത് ആണും നൃത്തം ചെയ്യുമ്പോൾ പാട്ടുകാരനും കൂട്ടത്തിൽ തന്നെ നൃത്തം ചെയ്തു. ഇന്ന് വേഷം മാറി... ഒരു മുണ്ടിനുവേണ്ടി കുടിയേറ്റക്കാർക്ക് ഭൂമി വിൽക്കുകയും പണിയെടുക്കുകയും ചെയ്തിരുന്ന, ഒരേയൊരു വസ്ത്രം കൊണ്ട് കാലം നീക്കിയ കാലം മൊത്തമായ് മാറി... ഇന്ന് വ്യത്യസ്ത വേഷങ്ങളിൽ ആളുകൾ നാടുകളിലേക്ക് വഴിവെട്ടി.



ചിത്രം: 41 നൃത്തം ചെയ്യുന്ന മുഡുഗ സ്ത്രീകൾ[45]

മരണം നടക്കുന്ന വേളയിൽ മാത്രമാണ് ഊരുകളിൽ ഇന്ന് മുഡുഗ നൃത്തം അരങ്ങേറുന്നത്. കൂടെ പാടിയും ആടിയും കഴിഞ്ഞവർ യാത്രയാവുമ്പോൾ സന്തോഷത്തോടെ തന്നെ പറഞ്ഞയക്കണം എന്നതിനാലാണ് മരണദിവസവും നൃത്തം ചെയ്യുന്നത്. മുളവെട്ടിയെടുത്ത് 'കട്ടക്കാലു'ണ്ടാക്കി അതിൽ കിടത്തി വെയ്ക്കുന്ന മൃതശരീരത്തിനു ചുറ്റും പാട്ട് പാടി ആളുകൾ നൃത്തം ചെയ്യുന്നു. ഊരിലെ ആളുകളുടെ കൂട്ടായ പങ്കാളിത്തത്തിൽ നിന്നുണ്ടായ കലാരൂപം അവതരിപ്പിക്കാൻ ഇന്ന് വ്യത്യസ്ത ഊരുകളിൽ നിന്നായ് ആളുകൾ വരേണ്ടിയിരിക്കുന്നു എന്നത് ദൗർഭാഗ്യകരമാണ്. എങ്കിലും പൂർണ്ണമായ് മറന്നില്ല എന്നുള്ളത് അൽപ്പമെങ്കിലും ആശ്വസിക്കുവാൻ വക നൽകുന്നു.